മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള ഭേദഗതി നോട്ടീസ് നൽകാനുള്ള അവസാന തീയതി ഇന്ന് വൈകുന്നേരം 7 മണിയെന്നാണ് നിശ്ചയിച്ചിരുന്നത്. പ്രസ്തുത സമയപരിധി പരിമിതമാണെന്നും അത് ദീർഘിപ്പിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ. സി. ജോസഫ് കത്ത് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭേദഗതി നൽകാനുള്ള സമയം 21.01.2021 രാവിലെ 9.00 മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ട്.